പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: - 18

05.03.2012-ൽ മറുപടിയ്ക്ക്

## അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ<br>ശ്രീ.ഇ.പി. ജയരാജൻ<br>ശ്രീ.ജി. സുധാകരൻ<br>ശ്രീ.സി.കെ. സദാശിവൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) അടിസ്ഥാന സൗകര്യ വികസന രംഗം സ്വകാര്യ നിക്ഷേപകർക്ക് നൽകുന്നത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് എന്തായിരിക്കുമെന്ന് വെളിപ്പെടുത്തുമോ; | (എ) അടിസ്ഥാന സൗകര്യ വികസന രംഗത്തെ ചില പദ്ധതികൾ സ്വകാര്യ നിക്ഷേപകരെ ഉൾപ്പെടുത്തി പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് മോഡലിലൂടെ നടപ്പാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് പദ്ധതികൾ അതാതിന്റെ സ്വഭാവം അനുസരിച്ച് ജോയിന്റ് വെഞ്ചർ (JV) ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ (BOT) ആന്വറ്റി (Annuity) എന്നിങ്ങനെ വിവിധ രീതികളിൽ നടപ്പിലാക്കുവാൻ സാധിക്കും. |
| (ബി) ഏതെല്ലാം സ്വകാര്യ നിക്ഷേപകർ ഏതെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കാൻ മുന്നോട്ടുവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) പെട്രോനെറ്റ് എൻ.എൻ.ജി കൊച്ചി പുതുവൈപ്പിനിൽ ഗ്യാസ് അധിഷ്ഠിത വൈദ്യുത പദ്ധതിയ്ക്കും, ദുബായ് ഇന്റർനെറ്റ് സിറ്റി കൊച്ചിയിൽ ഐ.ടി അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ സ്മാർട്ട് സിറ്റിയിലും ഗുജറാത്തിലെ വെൽസ്പൺ കോർപ്പറേഷൻ വിഴിഞ്ഞം തുറമുഖ പദ്ധതിയിലും കോട്ടയത്ത് III. Tതുടങ്ങുന്നതിന് റോൾട്ട |

ഇന്ത്യ എന്ന കമ്പനിയും ഖരമാലിന്യ സംസ്ക്കരണത്തിനായി പന്ത്രണ്ടോളം സ്വകാര്യ കമ്പനികളും നിക്ഷേപത്തിനായി മുന്നോട്ടു വന്നിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചിയിലെ ഇൻഫോപാർക്കിലും സ്വകാര്യ നിക്ഷേപകർ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. റോഡുവികസനം, വിമാനത്താവള വികസനം, ആരോഗ്യം, ഗതാഗതം, ടൂറിസം എന്നീ മേഖലകളിലും നിരവധി സ്വകാര്യ നിക്ഷേപകർ വിവിധ പദ്ധതികളുമായി മുന്നോട്ടു വന്നിട്ടുണ്ട്. കിൻഫ്രയുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് സ്വകാര്യനിക്ഷേപം ആകർഷിച്ചു വരുന്നു. സംയുക്ത സംരംഭമായ ഇൻകെലും അടിസ്ഥാന സൗകര്യത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ശോഭാ ഹൈടെക് സിറ്റി, സലാർപുരിയ നോളജ്പാർക്ക്,യശോറാം സ്കൈ സിറ്റി, രാകിന്ദോ, അബാദ് ഗ്രൂപ്പ്, കെ.ജി.എസ് ഗ്രൂപ്പ് തുടങ്ങിയ പ്രമുഖ സ്വകാര്യ നിക്ഷേപകർ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇവരുടെ പദ്ധതികൾക്ക് അന്തിമ അനുമതി നൽകിയിട്ടില്ല. സർക്കാർ 2012 സെപ്റ്റംബറിൽ നടത്തുന്ന എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതികളിൽ സ്വകാര്യ നിക്ഷേപത്തിന് അനുയോജ്യമായ പദ്ധതികൾ ഉൾപ്പെടുത്തുന്നതാണ്

| | | | |
|---|---|---|---|
| (സി) | ഇത്തരം നിക്ഷേപ പദ്ധതികൾക്ക് നല്കാനുദ്ദേശിക്കുന്ന സൗകര്യങ്ങളും സഹായങ്ങളും വിശദമാക്കാമോ ; | (സി) | പി.പി.പി. അടിസ്ഥാനത്തിലുള്ള നിക്ഷേപ പദ്ധതികളിൽ സർക്കാർ/സർക്കാർ ഏജൻസികൾ സ്ഥലം/ഓഹരി മൂലധനം നിക്ഷേപം മുതലായ സൗകര്യങ്ങളും സഹായങ്ങളും നല്കുന്നുണ്ട്. ഇത്തരം പദ്ധതികൾക്ക് കാലതാമസം കൂടാതെ അനുമതികൾ നല്കുന്നതിനുള്ള ഏകജാലക സംവിധാനവും നല്കി വരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണവും മാലിന്യവിമുക്തവും ആയ പദ്ധതികൾ ആയിരിക്കും അനുമതി നല്കുന്നതിൽ മുൻഗണന നല്കുക. |
| (ഡി) | അടിസ്ഥാന സൗകര്യ വികസന രംഗത്ത് സർക്കാരിനെ മാത്രമായി നേരിട്ട് നിക്ഷേപം നടത്താൻ സാദ്ധ്യമാകാത്തതായി കണ്ടെത്തിയ മേഖലകൾ ഏതൊക്കെയാണ് ? | (ഡി) | തുറമുഖ വികസനം, വിമാനത്താവളങ്ങൾ, വൈദ്യുത പദ്ധതികൾ, റെയിൽവേ അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായ അടിസ്ഥാന സൗകര്യ പാർക്കുകൾ, റോഡു വികസനം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ സ്വകാര്യ നിക്ഷേപകരെ ഉൾപ്പെടുത്തുന്നതു മൂലം മികച്ച നൂതന സാങ്കേതിക വിദ്യയും മൂലധന നിക്ഷേപവും വൈദഗ്ദ്ധ്യവും ലഭിക്കുന്നതാണ്. ഈ രംഗങ്ങളിൽ സ്വകാര്യ മൂലധന നിക്ഷേപം സ്വാഗതാർഹമാണ്. |

K. S. Sudha
**സെക്ഷൻ ഓഫീസർ**